# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 5803 – 19/11/2019 - ലെ മറുപടിക്ക്

## പ്രളയാനന്തര കേരളത്തിന്റെ പുനസൃഷ്ടിക്കായി ധനസമാഹരണം

ചോദ്യം

ശ്രീ. അനിൽ അക്കര

ശ്രീ. ഐ.സി.ബാലകൃഷ്ണൻ

ശ്രീ. വി.പി.സജീന്ദ്രൻ

ശ്രീ. എ.പി. അനിൽ കുമാർ

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്

(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | പ്രളയാനന്തര കേരളത്തിന്റെ പുനസൃഷ്ടിക്കായി ധനസമാഹരണം നടത്തുന്നതിന് സംസ്ഥാന സർക്കാർ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | എല്ലാ പ്രതിസന്ധികളും തരണം ചെയ്തു കൊണ്ട് വിഭവ സമാഹരണം നല്ല രീതിയിൽ നടത്തുന്നതിനും വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുവാനും സംസ്ഥാന സർക്കാർ പല ശ്രമങ്ങളും നടത്തുന്നുണ്ട്. പ്രളയാനന്തര പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ലോകബാങ്ക്, ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക്, KfW എന്നീ വിദേശ സഹായ ഏജൻസികളിൽ നിന്ന് വായ്പ സമാഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്. ഇതിന്റെ ഭാഗമായി ലോകബാങ്കിൽ നിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ഈ വർഷം ലഭ്യമായിട്ടുണ്ട്. ജർമൻ ബാങ്കായ KfW-ൽ നിന്നുള്ള വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിനു പുറമേ, കേന്ദ്രസർക്കാരിന്റെ അനുമതിയോടെ ഒരു ശതമാനം പ്രളയ സെസ്സ് ഏർപ്പെടുത്തി വിഭവ സമാഹരണം നടത്തുന്നുണ്ട്. കൂടാതെ, മസാല ബോണ്ട് കിഫ്ബിക്കു വേണ്ടി പുറപ്പെടുവിക്കുകയും ചെയ്തു. |
| (ബി) | നവകേരള സൃഷ്ടിക്കായി എത്ര കോടി രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതിനകം സ്വീകരിച്ച നടപടികൾ കൊണ്ട് ഈ തുക | പ്രളയാനന്തരം നടത്തിയ Post Disaster Need Assessment (PDNA) റിപ്പോർട്ട് പ്രകാരം ഏകദേശം 31,000 കോടി രൂപയാണ് പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തന |

| | | |
|---|---|---|
| | സമാഹരിക്കുവാൻ സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; | ങ്ങൾക്ക് ആവശ്യമായി വരുന്നത്. ലോകബാങ്ക്, ജർമ്മൻ ബാങ്കായ KfW എന്നിവയ്ക്ക് പുറമെ സാധ്യമായ മറ്റ് എല്ലാ ഇടങ്ങളിൽ നിന്നും പരമാവധി സഹായം ലഭ്യമാക്കിയാലേ പുനർനിർമാണത്തിനാവശ്യമായ തുക സമാഹരിക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | പുനർ നിർമ്മാണ പദ്ധതിക്കായി ഇതിനകം ഏതൊക്കെ വിദേശ സർക്കാർ/ ഏജൻസികളുമായി ചർച്ച നടത്തി; | പുനർ നിർമ്മാണ പദ്ധതിക്കായി ഇതിനകം ലോകബാങ്ക്, ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക്, KfW എന്നീ വിദേശ സഹായ ഏജൻസികളിൽ നിന്നും വായ്പ സമാഹരിക്കുന്നതിനുള്ള നടപടികളും ചർച്ചകളും നടന്നു വരികയാണ്. |
| (ഡി) | ആർ.ഐ.ഡി.എഫ്, എൻ.ഐ.ഡി.എ, ഹഡ്കോ എന്നിവയിൽ നിന്നും ലഭ്യമാകുന്ന തുക പദ്ധതി പുനക്രമീകരണത്തിലൂടെ നവകേരള നിർമ്മിതിക്കായി ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | നിർവ്വഹണ യോഗ്യമായ പദ്ധതികൾ തെരഞ്ഞെടുത്ത് വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായി നിർവ്വഹണം ഉറപ്പാക്കുവാൻ ആകുന്ന ഏജൻസികൾ വഴി നടപ്പിലാക്കുക എന്നതാണ് റീബിൽഡ് കേരളാ ഇനിഷ്യേറ്റീവിന്റെ നിർവ്വഹണ സമീപനം. പ്രധാനമായും ദീർഘകാല പദ്ധതികളാണ് ഉദ്ദേശിക്കുന്നത്. അതാതു വകുപ്പുകളുടെ നേതൃത്വത്തിലാണ് പദ്ധതി തയാറാക്കലും നിർവഹണവും നടക്കുന്നത്. പദ്ധതികൾക്ക് അന്തിമരൂപമാകുന്ന മുറയ്ക്കേ പദ്ധതി പുനക്രമീകരണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**